## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 162

30.11.2015-ൽ മറുപടിക്ക്

## പാവപ്പെട്ടവർക്ക വേണ്ടിയുള്ള പാർപ്പിട പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതി മുൻനിർത്തി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വഴി പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ഒരു ശതമാനം അധിക വില്പന നികുതി ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ പ്രസ്തുത ഇനത്തിൽ 2015-16 വർഷത്തിൽ ഇതിനകം ലഭിച്ച മൊത്തം വരുമാനം എത്ര കോടിയാണ് ; | (എ) | ഏർപ്പെടുത്തിയിട്ടുണ്ട്. 30.06.2015- ലെ ജി. ഒ. (എം.എസ്) നം. 112/15/TD ഉത്തരവ് പ്രകാരം അധിക വില്പന നികുതിയുടെ 50% കേരള റോഡ് ഫണ്ട് ബോർഡിനായി വിനിയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. 31.10.2015 വരെ 254.44 കോടി രൂപ വരുമാനം ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ബാക്കി 50% വിനിയോഗിച്ച് പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്ന പദ്ധതിക്ക് രൂപംകൊടുത്തു വരുന്നു. |
| (ബി) | ഈ വരുമാനം ഉപയോഗിച്ചുകൊണ്ട്, പാർപ്പിടം ഇല്ലാത്ത എത്ര പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട് ; ഇതിനായുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയത് ഏത് തീയതിയിലായിരുന്നു ; പ്രസ്തുത പദ്ധതിക്കായി ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചു കൊടുത്ത തുക എത്ര ; പിൻവലിച്ച തുക എത്ര ? | (ബി) | ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ